# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **24-06-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 3892**

## ഇൻകെൽ ഏറ്റെടുത്ത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) 2011 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ ഇൻകെൽ ഏതെല്ലാം പദ്ധതി കൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 2011 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ ഇൻകെൽ താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.<br><br>1) ഇൻകെൽ ടവർ-1: പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്കായി രണ്ടു ലക്ഷം ചതുരശ്ര അടിയുള്ള കെട്ടിട സമുച്ചയം അങ്കമാലിയിൽ പണികഴിപ്പിച്ചു. വിവിധ വ്യവസായ വാണിജ്യ സംരംഭകർ ഇൻകെൽ ടവറിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br><br>2) കൊച്ചിയിൽ വല്ലാർപാടത്ത്, ഇൻകെൽ സംയുക്ത സംരംഭമായി ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ നടപ്പിലാക്കി. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും BOT കരാർ പ്രകാരം എടുത്ത 19 ഏക്കർ സ്ഥലത്ത്, ഏകദേശം 65 കോടി മുതൽമുടക്കിൽ കേരളത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>3) മലപ്പുറത്ത് 168 ഏക്കറിൽ ഇൻകെൽ എഡ്യൂസിറ്റിയുടെ പ്രവർത്തനം തുടങ്ങി. 20 ഏക്കറിൽ ഒരു SME Park തുടങ്ങിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതികളിൽ എത്ര രൂപയുടെ നിക്ഷേപം നടത്തിയെന്ന് വ്യക്തമാക്കുമോ ; | (ബി) ഇൻകെൽ നാളിതുവരെ വിവിധ പദ്ധതികളിലായി 161 കോടി രൂപ മുതൽ മുടക്കിയിട്ടുണ്ട്. |

(സി) അടിസ്ഥാനസൗകര്യവികസന മേഖല യിൽ പുതിയ ഏതെങ്കിലും പദ്ധതി കൾ ഏറ്റെടുക്കാൻ ഇൻകെൽ ഉദ്ദേശി ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

(സി) ഇൻകെൽ താഴെപ്പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നു.

1) 500 മെഗാവാട്ട് പവർപ്ലാന്റ് - കൊച്ചി

2) ഇലക്ട്രോണിക് ട്രേഡ് ഹബ്ബ് - തിരുവനന്തപുരം.

3) കൊമേഴ്സ്യൽ സെന്റർ - കോഴിക്കോട്

4) കൺവെൻഷൻ സെന്റർ - മലപ്പുറം

5) ഇൻകെൽ ടവർ-2 - അങ്കമാലി

സെക്ഷൻ ഓഫീസർ